ഉത്തരം

(എ) ഉണ്ട്.

(ബി) പീരങ്കികളുടെ രാസസംരക്ഷണ പ്രവർത്തനത്തിനായി ഉറമുഖ വകുപ്പ് 3 ലക്ഷം രൂപ പുരാവസ്തു വകുപ്പിന് കൈമാറിയിട്ടുണ്ട്. രാസസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പുരാവസ്തു വകുപ്പിലെ ആർക്കിയോളജിക്കൽ കെമിസ്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൊടക്കാട് ഫോക്‌ലോർ വില്ലേജ്

95 (3062) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നർത്തകരത്നം കണ്ണൻ പെരുവണ്ണാന്റെ സ്മരണയിൽ കൊടക്കാട് കേന്ദ്രീകരിച്ച് ഫോക്ലോർ വില്ലേജ് ആരംഭിക്കുന്നതിനുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?.

ഉത്തരം

നർത്തകരത്നം കണ്ണൻ പെരുവണ്ണാന്റെ സ്മരണയിൽ കൊടക്കാട് കേന്ദ്രീകരിച്ച് ഫോക്‌ലോർ വില്ലേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ തൽക്കാലം പരിഗണനയിലില്ല.

സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണത്തിന് തെരഞ്ഞെടുത്ത കൃതികൾ

96 (3063) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക വകുപ്പ് അംഗീകാരം നൽകിയതും പ്രസിദ്ധീകരണത്തിന് തെരഞ്ഞെടുത്തതുമായ എത്ര കൃതികളാണ് ഇത്രകാലമായി പ്രസിദ്ധീകരിക്കാതെ വച്ചിട്ടുള്ളത് എന്നു പറയാമോ ; എന്തുകൊണ്ടാണ് ഈ കൃതികൾ തെരഞ്ഞെടുത്തിട്ടും പ്രസിദ്ധീകരിക്കാത്തത് എന്നു പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണ യോഗ്യമെന്ന് കണ്ട് പ്രസിദ്ധീകരിക്കുവാൻ തെരഞ്ഞെടുത്ത കൃതികൾ യഥാസമയം പ്രസിദ്ധീകരിക്കാത്തതുമൂലം ഗ്രന്ഥകർത്താക്കൾക്ക് ഉണ്ടാകാവുന്ന നഷ്ടം ഏതു വിധത്തിലാണ് പരിഹരിക്കുന്നത് എന്നു വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ നഷ്ട പരിഹാരം നൽകിയ എത്ര കേസുകൾ ഉണ്ടെന്നും ഇതിനായി എത്ര തുക നൽകേണ്ടി വന്നുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കേരള സാഹിത്യ അക്കാദമി ഏറ്റെടുത്ത് പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി അയച്ച പട്ടികയിൽ അവശേഷിക്കുന്നത് ഇടമന നാരായണൻപോറ്റി വിവർത്തനം ചെയ്ത 'ആവിമാരകം - സ്വപ്നവാസവദത്തം' എന്നീ രണ്ട് കൃതികൾ മാത്രമാണ്. ഈ രണ്ട് കൃതികളുടെയും ഫോട്ടോകോപ്പിയാണ് . ലഭിച്ചത്. കമ്പോസിംഗ് ജോലികൾ യഥാസമയം നിർവ്വഹിക്കാൻ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ സ്ലിപ്റ്റ് ഫോട്ടോകോപ്പിയായതിനാൽ ചില പേജുകൾ ഇല്ലായിരുന്നു. ചിലത് അവ്യക്തവുമായിരുന്നു. അരനൂറ്റാണ്ട് മുമ്പ് പ്രസിദ്ധീകരിച്ച കൃതിയാണിത്. വളരെ പഴയ മലയാളശൈലിയിലുള്ള പുസ്തകവും വളരെ തെളിച്ചമില്ലാത്ത ഫോട്ടോ കോപ്പിയുമായിരുന്നു. ആയതിനാൽ ജോലികൾ നിർത്തിവയ്ക്കാൻ നിർബന്ധിതരായി. ഇപ്പോൾ നിലവിലുള്ള രണ്ട് സ്ലിപ്റ്റുകളും വീണ്ടും കമ്പോസ് ചെയ്ത് സാധ്യമായവിധം അതിവേഗത്തിൽ അച്ചടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഗ്രന്ഥകാരന് നഷ്ടം സംഭവിക്കുന്ന സാഹചര്യങ്ങൾ ഇതുവരെ ഉണ്ടായതായി കാണുന്നില്ല. അതുകൊണ്ട് നഷ്ടപരിഹാരം കണ്ടെത്തേണ്ടതായി വന്നിട്ടില്ല.

മാവേലിക്കര മണ്ഡലത്തിൽ ഇലക്ട്രിക് ലൈറ്റ് സ്ഥാപിക്കുന്നതിന്

97 (3064) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ ബുദ്ധസ്മാരകം നിലകൊള്ളുന്ന പ്രദേശം മുതൽ മിച്ചൽ ജംഗ്ഷൻ വരെയുള്ള ഭാഗം ഇലക്ട്രിക് ലൈറ്റ് സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പിൽനിന്നും ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly